STATE POLICE MEDIA CENTRE
KERALA

Police Headquarters
Vazhuthacaud
Thiruvananthapuram - 695010
0471 2318188
info.pol@kerala.gov.in
statepolicemediacentre

No.473/PR/SPMC/PHQ/2021 Date :21.10.2021

**വീരചരമം പ്രാപിച്ച പോലീസ് ഉദ്യോഗസ്ഥർക്ക് ആദരാഞ്ജലികൾ അർപ്പിച്ചു**

ഔദ്യോഗിക കൃത്യനിർവ്വഹണത്തിനിടെ വീരചരമം പ്രാപിച്ച പോലീസ് ഉദ്യോഗസ്ഥർക്ക് രാഷ്ട്രം ഇന്ന് ശ്രദ്ധാഞ്ജലി അർപ്പിച്ചു.

തിരുവനന്തപുരത്ത് പോലീസ് ആസ്ഥാനത്തെ ധീരസ്മൃതിയിൽ സംസ്ഥാന പോലീസ് മേധാവി അനിൽ കാന്ത് രാവിലെ പുഷ്പചക്രം സമർപ്പിച്ചു. സായുധരായ പോലീസ് സേനാംഗ ങ്ങൾ വീരചരമം അടഞ്ഞ ഓഫീസർമാരുടെ സ്മരണക്ക് മുന്നിൽ ആദരാഞ്ജലി അർപ്പിച്ചു. മുതിർന്ന പോലീസ് ഉദ്യോഗസ്ഥർ ചടങ്ങിൽ പങ്കെടുത്തു.

എല്ലാ വർഷവും ഒക്ടോബർ 21 നാണ് രാജ്യവ്യാപകമായി പോലീസ് സ്മൃതിദിനമായി ആഘോഷിക്കുന്നത്. കഴിഞ്ഞ ഒരു വർഷത്തിനിടെ രാജ്യത്ത് 377 പോലീസ് ഉദ്യോഗസ്ഥരാണ് ഔദ്യോഗിക കൃത്യനിർവ്വഹണത്തിനിടെ ജീവൻ വെടിഞ്ഞത്. ഇതിൽ കേരളത്തിൽ നിന്ന് രാജ മണി മണ്ണാഞ്ചേരി (പരപ്പനങ്ങാടി പോലീസ് സ്റ്റേഷൻ), കരുണാകരൻ (മീനങ്ങാടി പോലീസ് സ്റ്റേഷൻ) എന്നിവരും ഉൾപ്പെടുന്നു.

(ചടങ്ങിന്റെ ഫോട്ടോ, വിഷ്വൽസ് എന്നിവ ഇതോടൊപ്പം)

*********************************